# പതിമൂന്നാം കേരള നിയമസഭ
# ഒന്നാം സമ്മേളനം
# നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 990
# 11.7.2011 - ൽ മറുപടിയ്ക്ക്

<u>കോഴിക്കോട് ലോറി ഓപ്പറേറ്റേഴ്സ് സഹകരണ സംഘത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് അനധികൃത കെട്ടിട നിർമ്മാണം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ലോറി ഓപ്പറേറ്റേഴ്സ് സഹകരണ സംഘത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് കെട്ടിട നിർമ്മിച്ച് കച്ചവടം നടത്തുന്നതിന് സഹകരണ വകുപ്പ് സ്വകാര്യ വ്യക്തിക്ക് അനുവാദം നല്കിയിട്ടുണ്ടോ; | (എ) | സ്വകാര്യ വ്യക്തിയ്ക്ക് അനുമതി നൽകിയിട്ടില്ല. |
| ബി) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സഹകരണ വകുപ്പ് എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | ബാധകമല്ല |
| (സി) | നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ; | | |
| (ഡി) | പ്രസ്തുത സ്ഥലത്ത് നടക്കുന്ന കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും വിശദമാക്കുമോ? | (ഡി) | പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിലുള്ള കെ.എച്ച്. അബ്ദുൽഗഫൂർ, ഭാര്യ റസിയ, പി.എൻ ഷീബ, ആയിഷ എന്നിവർ ടെക്സ്റ്റയിൽസ് ബിസ്നസ്സ് നടത്തുന്ന ആവശ്യത്തിലേക്കായി സംഘം ഭരണസമിതിയുമായി കരാറിൽ |

| | | | |
|---|---|---|---|
| | | | ഏർപ്പെട്ടുകൊണ്ട് ഫൈബർ ഷീറ്റിട്ടതും, എസിപി പില്ലർ ഉപയോഗിച്ചിട്ടുള്ളതുമായ ഒരു താല്ക്കാലിക കെട്ടിടം ടി സ്ഥലത്ത് നിർമ്മിച്ചു വരികയാണ്. ഇതിന്റെ ഫർണിഷിംഗ് ഒഴികെയുള്ള ജോലികൾ പൂർത്തിയായിട്ടുണ്ട്. ഇതിലേക്കായുള്ള കേർപ്പറേഷൻ ലൈസൻസ് സംഘത്തിന്റെ പേരിൽ എടുത്തിട്ടുണ്ട്. പ്രസ്തുത കരാർ അംഗീകരിച്ചു നൽകുന്നതിനായി സംഘം സമർപ്പിച്ച അപേക്ഷ കോഴിക്കോട് ജില്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറുടെ പരിഗണനയിലാണ്. ആയത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ